ഇൻകെൽ-ന്റെ പ്രവർത്തന പുരോഗതി

20 (*530) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ പണം വ്യവസായ മേഖലയ്ക്ക് ലഭ്യമാക്കാനായി സ്ഥാപിച്ച സംയുക്ത സംരംഭമായ "ഇൻകെൽ"-ന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സംരംഭത്തിന്റെ എത്ര ശതമാനം ഓഹരികളാണ് സർക്കാരിനുള്ളത് ;

(സി) സർക്കാർ വിഹിതത്തിനു പുറമേ എത്ര കോടി രൂപ ഇതിന്റെ മൂലധനമായി ഇതുവരെ സ്വരൂപിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിരിക്കുന്ന തരത്തിൽ പ്രാവർത്തികമാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഇ) ഈ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും ;

(എഫ്) ഈ വർഷം ഇൻകെൽ-ന്റെ നേതൃത്വത്തിൽ ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം തുടങ്ങാൻ കഴിയും എന്ന് വിശദീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) ഉണ്ട്.

(ബി) 26%

(സി) പ്രവാസി മലയാളികളിൽ നിന്ന് 65 കോടി രൂപയും പൊതുമേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റു സ്വകാര്യ വ്യക്തികളിൽ നിന്നുംകൂടി 9 കോടി രൂപയും നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വ്യവസായ സംരംഭത്തിനാവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇൻകെൽ രൂപീകരിച്ചിട്ടുള്ളത്. വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം, നിക്ഷേപം, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള നിയമപരമായ അനുവാദം എന്നിവ ലഭിക്കാനുണ്ടായ കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്.

(ഇ) ലക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് അതാത് മേഖലകളിലെ വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ സർക്കാർ തലത്തിലുള്ള വിവിധ ഏജൻസികളിൽനിന്നും അനുമതി വാങ്ങുന്നതിനും നിക്ഷേപകരുമായി നിരന്തരം

LIBRARY ARCHIVES Kerala Legislative Assembly

സമ്പർക്കം പുലർത്തി നിക്ഷേപം ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) കെ.എസ്.ഐ.ഡി.സി.-യുമായി ചേർന്ന് സംയുക്ത സംരംഭമായി അങ്കമാലിയിൽ ഒരു മൾട്ടിപ്രോഡക്ട് സർവീസ് പാർക്കും, മലപ്പുറത്തെ പാണക്കാട് എഡ്യൂഹെൽത്ത് സിറ്റി സ്ഥാപിക്കുന്നതിനും കിൻഫ്രയു-മായി ചേർന്ന് സംയുക്ത സംരംഭമായി കോഴിക്കോട് രാമനാട്ടുകരയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കും വെള്ളയിൽ കൺവെൻഷൻ സെന്ററും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കാഡ പദ്ധതി

21 (*531) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിൽ സമഗ്ര ജലസേചനത്തിനുള്ള കേന്ദ്ര സഹായ പദ്ധതി 'കാഡ' (CADA) ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായി കേന്ദ്രസർക്കാർ എന്തു തുകയാണ് അനുവദിച്ചത് ;

(സി) കേന്ദ്രസർക്കാർ അനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണ് ;

(ഡി) ഏതെല്ലാം ജില്ലകളിലെ കൃഷിക്കുള്ള ജലസേചന സൗകര്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത് ; വിശദാംശം നൽകാമോ ;

(ഇ) കാഡയും ജലസേചന വകുപ്പും സംയുക്തമായി പദ്ധതി യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) 1-4-2004 മുതൽ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ പദ്ധതികളിൽ ഇപ്പോൾ സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാം (കാഡ) നടന്നുകൊണ്ടിരിക്കുന്നു. 2010 മാർച്ച്വരെ കാഞ്ഞിരപ്പുഴ പദ്ധതിയിൽ 6367.41 ഹെക്ടർ സ്ഥലത്തും, പഴശ്ശി പദ്ധതിയിൽ 1361.75 ഹെക്ടർ സ്ഥലത്തും കല്ലട പദ്ധതിയിൽ 225 ഹെക്ടർ സ്ഥലത്തും ജലസേചന സൗകര്യം ഏർപ്പെടുത്തി.

(ബി) കാഡ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ അനുവദിച്ച എസ്റ്റിമേറ്റ് തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കാഞ്ഞിരപ്പുഴ	2096.47 ലക്ഷം
പഴശ്ശി	2496.00 ലക്ഷം
കല്ലട	7698.00 ലക്ഷം

(സി) കേന്ദ്രാനുമതി ലഭിച്ച കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട പദ്ധതികളിൽ സി.എ.ഡി.ഡബ്യു.എം. പ്രോഗ്രാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പുതിയതായി

LIBRARY ARCHIVES Kerala Legislative Assembly